DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

12-02-2020

# കാർഷികമേഖലാവാർത്തകൾ

## അഗ്രിഫെസ്റ്റ് 2020

കേരള കർഷകസംഘം 26-ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ഈ മാസം 13 മുതൽ മാർച്ച് 2 വരെ കൊല്ലം ആശ്രാമം മൈതാനത്ത് വച്ച് അഗ്രിഫെസ്റ്റ് 2020 എന്ന പേരിൽ ഒരു കാർഷിക-വ്യാവസായിക-ആരോഗ്യ- വിദ്യാഭ്യാസ പ്രദർശനം നടത്തുന്നു.

## ജീവനി-ബാലോൽസവം

"നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം" എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനസർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ജീവനി. സംസ്ഥാനമൊട്ടാകെ സുരക്ഷിത പച്ചക്കറി കൃഷി സ്കൂളുകൾ, സ്ഥാപനങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവ മുഖാന്തിരം കൂടുതൽ ഇടങ്ങളിൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ചിറക്കര പഞ്ചായത്തിൽ ജീവനിയുടെ പ്രചരണാർത്ഥം SYSUPS സ്കൂളിലെ കുട്ടികളുടെ ജീവനി-ബാലോൽസവം നാളെ രാവിലെ 10 മണി മുതൽ സംഘടിപ്പിക്കുന്നു. പച്ചക്കറി കൃഷി പഠിപ്പിക്കുന്നതിനായി കൃഷി പാഠശാല, നാടൻ പച്ചക്കറി വിത്തുകളുടെ ശേഖരണത്തിനായി

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പഞ്ചായത്ത് കൃഷി ഭവൻ എന്നിവിടങ്ങളിൽ വിത്ത് പെട്ടി സ്ഥാപിക്കുന്നു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനവും ജീവനി സ്പെഷ്യൽ ബുള്ളറ്റിൻ പ്രകാശനവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചാത്തന്നൂർ എം.എൽ.എ. ജി. എസ്. ജയലാൽ നിർവ്വഹിക്കുന്നതാണ്. പ്രസ്തുത യോഗത്തിൽ മുഖ്യപ്രഭാഷണം, വിത്ത് പെട്ടി ഉദ്ഘാടനവും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, ജീവനി സന്ദേശം ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറും നിർവ്വഹിക്കുന്നതാണ്. പച്ചക്കറിയും ആരോഗ്യവും എന്ന വിഷയത്തെക്കുറിച്ച് ചിറക്കര പിഎച്ച്സി മെഡിക്കൽ ഓഫീസർ ക്ലാസ് എടുക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ എല്ലാ കർഷകരും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## അറിയിപ്പ്

കരുവാറ്റ കൃഷിഭവൻ പരിധിയിൽ എള്ള് കൃഷി ചെയ്തിട്ടുള്ള കർഷകർ കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും കോപ്പി സഹിതം ഫെബ്രുവരി 15 ന് മുമ്പ് കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് കരുവാറ്റ കൃഷി ഓഫീസർ അറിയിച്ചു.

## കേരബേബികെയർ ഓയിൽ വിപണോദ്ഘാടനം 14-ന്

കേരള സർക്കാർ സംരംഭമായ 'കേരഫെഡ്' പുതുതായി വിപണിയിലിറക്കുന്ന മൂല്യവർദ്ധിത ഉത്പന്നമായ "കേര ബേബി കെയർ ഓയിലിന്റെയും, വിറ്റമിൻ എ, വിറ്റാമിൻ ഡി എന്നിവ ചേർത്ത "കേര ഫോർട്ടിഫൈഡ് വെളിച്ചെണ്ണയുടേയും വിപണോദ്ഘാടനം ഫെബ്രുവരി

14-ന് വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൽ വച്ച് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ നിർവഹിക്കും. ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറിയും കാർഷികോത്പാദന കമ്മീഷണറുമായ ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ്, കൃഷി സെക്രട്ടറി ഡോ. രത്തൻ ഖേൽക്കർ ഐ.എ.എസ്, കൃഷി ഡയറക്ടർ ഡോ. വാസുകി ഐ.എ.എസ്, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ ഐ.എ.എസ്. എന്നിവർ പങ്കെടുക്കും.

## അറിയിപ്പ്

കിഴങ്ങുവർഗ്ഗവിളകളുടെ നടീൽ സമയമാണിത്. ചേന, ചേമ്പ്, കാച്ചിൽ, കൂവ, ചെറുകിഴങ്ങ്, നനകിഴങ്ങ് എന്നിവയുടെ നടീൽവസ്തുക്കൾ വിഎഫ്പിസികെ സ്വാശ്രയ വിപണികളിൽ ലഭ്യമാണ്.

## ഏലം കർഷകർക്കൊരു അറിയിപ്പ്

ഏലത്തിന്റെ പ്രാഥമിക തവാരണകളിൽ ക്രമമായ ജലസേചനം തുടരണം. ആവശ്യാനുസരണം തടങ്ങളിലെ കളയെടുപ്പും മേൽമണ്ണ് ചേർക്കലും നടത്തണം. ജലസേചനം, കളയെടുപ്പ്, പുതയിടൽ, മണ്ണിടൽ എന്നിവയാണ് രണ്ടാം തവാരണയിലെ പ്രധാന കൃഷിപ്പണികൾ. ഏലത്തോട്ടങ്ങളിലും ജലസേചനം നടത്തണം. ഇതിന് സൗകര്യമില്ലാത്ത തോട്ടങ്ങളിൽ ചെറിയ ചെടികൾക്ക് പന്തൽ നിർമ്മിച്ചു തണൽ നൽകാം. പറിച്ചെടുത്ത കായ്കൾ വൃത്തിയാക്കി ഉണക്കി സംഭരിക്കണം.

## ക്ഷീര മേഖലയെക്കുറിച്ചുള്ള മാധ്യമ സൃഷ്ടികൾക്ക് അവാർഡുകൾ നൽകുന്നു.

ക്ഷീരവികസന വകുപ്പ് ഈ മാസം 22, 23 ,24 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരം അങ്കണത്തിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന സംസ്ഥാന ക്ഷീരസംഗമം ഈ മാസം 25 മുതൽ 28 വരെയുള്ള തീയതിയിലേക്ക് മാറ്റി വച്ചതായി അറിയിക്കുന്നു.

## പരിശീലനം

കോട്ടയം ജില്ലയിലെ തലയോലപറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം കർഷകർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നു. ഈ മാസം 18,19 തീയതികളിൽ മുട്ടക്കോഴിവളർത്തൽ 26,27 ആടുവളർത്തൽ എന്നിവയിലാണ് പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ 04829- 234323 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.